A

സമഗ്ര ശിക്ഷാ കേരളം

502

# ആത്യന്തിക വിലയിരുത്തൽ I 2025-2026

## കേരള പാഠാവലി

ക്ലാസ്: 5 | സമയം: 2 മണിക്കൂർ 15 മിനിറ്റ്

### നിർദേശങ്ങൾ

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് പതിനഞ്ച് മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കണം
2. ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി. എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
3. രണ്ടു പ്രവർത്തനങ്ങൾ വീതം നൽകിയിട്ടുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിനു മാത്രം ഉത്തരമെഴുതിയാൽ മതി.

**(1) വായിക്കാം, എഴുതാം**

**കേരളത്തിലെ പക്ഷികൾ**

കുയിലിനെപ്പോലെ മധുരമായി പാടുന്ന മറ്റു പക്ഷികൾ ഇല്ല. എങ്കിലും പല പക്ഷികളുടെയും ശബ്ദം കേൾക്കാൻ സുഖമാണ്. പുലരുന്നതിനുമുമ്പേ അനേകം പക്ഷികളുടെ ശബ്ദം ഇടകലർന്നു കേൾക്കാം. വെളുപ്പാൻ കാലത്ത് ഉണർന്നു ശ്രദ്ധിക്കുന്നവർക്ക് എത്രയോ ആനന്ദത്തിനു വകയുള്ള സംഗീതമാണത്. പൂവൻകോഴിയുടെ കൂവൽ മുന്നിട്ടു നിൽക്കും. ഉറക്കം ഉണർന്നുകൊള്ളാൻ പ്രകൃതി കാഹളം മുഴക്കുന്നതുപോലെയാണ് അത്. അതിനോടൊത്ത് അനേകം കാക്കകളുടെ "ക്രാ ക്രാ" എന്ന വിളിയും മുഴങ്ങും. ചെമ്പോത്ത് (ഉപ്പൻ) "ഉക്കുക്കുക്കു" എന്ന് ശുഭശബ്ദം പുറപ്പെടുവിക്കും. പുലർകാലത്തു കൂജനം ചെയ്യുന്ന പക്ഷികളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് മണ്ണാത്തിപ്പുള്ള്.

a) ഒന്ന് : 'കുയിലിനെപ്പോലെ മധുരമായിപ്പാടുന്ന മറ്റു പക്ഷികളില്ല'.
രണ്ട് : 'ഉറക്കമുണർന്നുകൊള്ളാൻ പ്രകൃതി കാഹളം മുഴക്കുന്നതുപോലെയാണ് പൂവൻ കോഴിയുടെ കൂവൽ'.
ഈ പ്രസ്താവനകളിൽ ശരിയേത്.
A. ഒന്നാമത്തേതു മാത്രം ശരി
B. രണ്ടാമത്തേതു മാത്രം ശരി
C. രണ്ടും തെറ്റ്
D. രണ്ടും ശരി

b) ചില പക്ഷികളെയും അവയുടെ ശബ്ദങ്ങളെയും നൽകിയിരിക്കുന്നു.

| പക്ഷികൾ | | ശബ്ദങ്ങൾ | |
|---|---|---|---|
| 1. | കാക്ക | a | ഉക്കുക്കുക്കു |
| 2. | പൂവൻകോഴി | b | ക്രാ ക്രാ |
| 3. | ചെമ്പോത്ത് | c | കൊക്കരക്കോ |
| 4. | കുയിൽ | d | കൂ കൂ |

ചുവടെ നൽകിയിട്ടുള്ളതിൽ നിന്ന് പക്ഷികളുടെ ശരിയായ ശബ്ദം തിരഞ്ഞെടുക്കുക.

A. 1-d, 2-b, 3-a, 4-c

B. 1-b, 2-c, 3-a, 4-d

C. 1-b, 2-a, 3-c, 4-d

D. 1-d, 2-c, 3-b, 4-a

c) i. ഉപ്പന്റെ മറ്റൊരു പേരാണ് ചെമ്പോത്ത്.

ii. കാക്കയുടെ മറ്റൊരു പേരാണ് ഉപ്പൻ - ഇതിൽ ശരിയായ പ്രസ്താവന ഏത്?

A. ഒന്നാമത്തേത് തെറ്റ്

B. രണ്ടാമത്തേത് ശരി

C. ഒന്നാമത്തേത് ശരി

D. ഒന്നും രണ്ടും തെറ്റ്

d) ഗദ്യഭാഗത്തെ സൂചന പ്രകാരം വെളുപ്പാൻ കാലത്തെ ആനന്ദം ലഭിക്കുന്നത് ആർക്ക്?

A. പക്ഷികളുടെ സംഗീതം ശ്രദ്ധിക്കുന്നവർക്ക്

B. മധുരമായി പാടുന്നവർക്ക്

C. പുലർച്ചെ കിടന്നുറങ്ങുന്നവർക്ക്

D. മേൽപറഞ്ഞവർക്കെല്ലാം

## (2) സംഭാഷണം

a) “പുഴ ഒറ്റരാത്രികൊണ്ട് സുന്ദരിയാകുന്നു.”
“മരങ്ങളിൽ നിലാവ് പെയ്തിറങ്ങിയതോടെ
മഴയ്ക്ക് നിറക്കൂട്ടായി”

‘കാട്ടിലെ മഴ’ എന്ന പാഠഭാഗത്തെ ഈ പ്രയോഗങ്ങൾ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടല്ലോ. കന്നിമഴയിൽ ജീവൻ വച്ച പുഴയും നിലാവിൽ കുളിച്ച മരവും പരസ്പരം പലതും സംസാരിച്ചു. എന്തൊക്കെ വിശേഷങ്ങളാകും പങ്കുവച്ചത്. സംഭാഷണം തയ്യാറാക്കുക.

b) “ആദ്യമാരും ശ്രദ്ധിച്ചില്ല. മലമുഴക്കിയും മണ്ണട്ടകളുമൊഴിച്ച്”- ഈ വാക്യം അർഥമാക്കുന്നതെന്ത്?

A. മലമുഴക്കിയും മണ്ണട്ടകളും ആദ്യം അറിഞ്ഞില്ല.

B. മലമുഴക്കിയും മണ്ണട്ടകളും പിന്നീടും അറിഞ്ഞില്ല.

C. മലമുഴക്കിയും മണ്ണട്ടകളും ആദ്യം തന്നെയറിഞ്ഞു.

D. മലമുഴക്കിയും മണ്ണട്ടയും ഒന്നും ശ്രദ്ധിച്ചില്ല.

c) “സുഗന്ധം കുറഞ്ഞവയ്ക്ക് ആർഭാടം കൂടുതലാണ്”- പ്രസ്താവനയ്ക്ക് അനുയോജ്യമായ ആശയം ഉൾക്കൊള്ളുന്ന വാക്യം ഏത്?

A. എല്ലാം തികഞ്ഞവർ ആരുമില്ല.

B. ഏതെങ്കിലും ഒരു ഗുണം എല്ലാവരിലുമുണ്ട്.

C. എല്ലാവരും എല്ലാം തികഞ്ഞവരാണ്.

D. ആർക്കുമില്ലാത്ത ഗുണങ്ങൾ ആർക്കുമില്ല.

**ചുവടെ കൊടുത്ത (3A), (3B) എന്നീ രണ്ടു ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിനു മാത്രം ഉത്തരമെഴുതുക.**

## (3A) ആസ്വാദനക്കുറിപ്പ്

**മറ്റുള്ളവർക്കായ്**

നക്ഷത്രങ്ങൾ ചിരിക്കുന്നു വാനിൽ
പൂത്തു നിൽക്കും ചെടിയും ചിരിക്കുന്നു.
ദൂരെ ദൂരെ തിരകളാൽ നീളെ
കടലുമങ്ങനെ നോക്കിച്ചിരിക്കുന്നു.
തൊടിയിലെങ്ങും പറക്കുന്ന പൂമ്പാറ്റ
അരികിലെത്തി പതിയെ ചിരിക്കുന്നു.
ചുണ്ടിലെപ്പൊഴും കരുതിവയ്ക്കുക
മറ്റുള്ളവർക്കായ് ഒരു നേർത്തപുഞ്ചിരി

ദേവൂട്ടി

പ്രകൃതിയുടെ പുഞ്ചിരി നക്ഷത്രങ്ങളും പൂക്കളും കടലുമൊക്കെയാണ്. അവ നമ്മെ സന്തോഷിപ്പിക്കുന്നു. നമുക്കും മറ്റുള്ളവർക്ക് സന്തോഷം പകരാം. കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

**അല്ലെങ്കിൽ**

## (3B) വർണ്ണന

ആകാശത്തിന്റെ കണ്ണീരുപോലെ തോരാമഴ! മഴയുടെ കൈകൾ എത്തിത്തൊടുമ്പോൾ ദേഹമാകെ കുളിരാണ്. മഴ തോർന്ന് പിന്നെ മരം പെയ്യുമ്പോൾ പളുങ്കുമണികൾ ഇലത്തുമ്പുകളിൽ തിളങ്ങും.

ഇത് മഴയെക്കുറിച്ചുള്ള വർണ്ണനയുടെ ഭാഗമാണ്. ഇതുപോലെ 'പുഴ'യെക്കുറിച്ച് വർണ്ണന തയ്യാറാക്കുക.

**ചുവടെ കൊടുത്ത (4A), (4B) എന്നീ രണ്ടു ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിനു മാത്രം ഉത്തരമെഴുതുക.**

## (4A) അനുഭവക്കുറിപ്പ്

കൂട്ടിലെ കിളി നഷ്ടപ്പെട്ട സ്വാതന്ത്ര്യത്തെപ്പറ്റിയോർത്തു കരഞ്ഞു. ഇരുമ്പഴികളിൽ ചിറകിട്ടടിച്ചു. കൊച്ചു പൂവിനാകട്ടെ സംസാരിക്കാൻ കഴിയാത്തതുകൊണ്ട് ആശ്വസിപ്പിച്ച് ഒരു വാക്കുപറയാൻ പറ്റിയതുമില്ല.

'ഡെയ്സിച്ചെടി'എന്ന പാഠത്തിലെ വാനമ്പാടിയുടെയും കൊച്ചുപൂവിന്റെയും അനുഭവങ്ങൾ നിങ്ങൾക്ക് ഓർമ്മയുണ്ടല്ലോ. വളർത്തുമൃഗങ്ങളോ വളർത്തുപക്ഷികളോ പ്രിയപ്പെട്ട ചെടികളോ നിങ്ങൾക്കും ഉണ്ടാകും. അവയോടൊപ്പമുള്ള നിങ്ങളുടെ അനുഭവങ്ങൾ എഴുതുക.

**അല്ലെങ്കിൽ**

## (4B) കുറിപ്പ്

"എനിക്ക് മഴ ഇഷ്ടമല്ല. മഴ എന്റെ ജീവിതത്തിൽ എന്നും നഷ്ടങ്ങളേ വരുത്തിയിട്ടുള്ളൂ"- എന്റെ വീടും പ്രിയപ്പെട്ടവരും നഷ്ടമായത് ഒരു പെരുമഴക്കാലത്താണ്.

അമൽ

"ഈ കടുത്ത വേനൽ ഒന്നവസാനിച്ചെങ്കിൽ! എന്റെ അച്ഛന്റെ എത്ര രൂപയുടെ കൃഷി നശിച്ചു. പാടം വരണ്ടുണങ്ങി. കുടിവെള്ളം പോലുമില്ല. വേഗം മഴ വന്നെങ്കിൽ!

മൃദുല

രണ്ടു കൂട്ടുകാരുടെ അഭിപ്രായമാണിത്. അഭിപ്രായങ്ങളെ വിശകലനം ചെയ്ത് കുറിപ്പു തയ്യാറാക്കുക.

## (5) ലഘു ഉപന്യാസം

'മണ്ണിന്റെ കിനാവുകൾ' എന്ന പാഠഭാഗത്ത് ഒട്ടേറെ നാട്ടുപൂക്കളെ നിങ്ങൾ പരിചയപ്പെട്ടല്ലോ. തുമ്പയും മുക്കുറ്റിയും കാക്കപ്പൂവുമുൾപ്പെടെ പഴയകാല പൂക്കൾ ഇന്ന് കാണാനില്ല. വരവുപൂക്കളുടെ വസന്തമാണ് നമ്മുടെ നാട്ടിൽ ഓണക്കാലത്തും മറ്റും ഇന്നു കാണുന്നത്. നാട്ടുപൂക്കളുടെ മടക്കവും കച്ചവട പൂക്കളുടെ വരവും വിശകലനം ചെയ്ത് ലഘു ഉപന്യാസം തയ്യാറാക്കുക.

## (6) കടങ്കഥാവ്യാഖ്യാനം

'ആനകേറാമല ആടുകേറാമല

ആയിരം കാന്താരി പൂത്തിറങ്ങി'.

ഈ കടങ്കഥയുടെ ഉത്തരം 'ആകാശത്തിലെ നക്ഷത്രങ്ങൾ' എന്നാണ്. എന്തുകൊണ്ടാകാം ഈ കടങ്കഥയ്ക്ക് ഇങ്ങനെ ഉത്തരമുണ്ടായത്. വ്യാഖ്യാനിച്ചെഴുതുക.